# പുതിയ ഉടമ്പടി സഭകൾ

സാക് പുന്നൻ

WFTW 06 മാർച്ച് 2016

ഒരു പുതിയ ഉടമ്പടി സഭയെ തിരിച്ചറിയാനുള്ള ഒരടയാളം അവരുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടെന്നുള്ളതാണ്. ഒരു സഭായോഗത്തിൽ പ്രവചനത്തിന്റെ ആത്മാവ് ശക്തിയോടെ വരുമ്പോൾ, ആ യോഗത്തിന് വരുന്നവർ കവിണ്ണുവീണ് 'ദൈവം വാസ്തവമായി അവിടെയുണ്ടെന്ന് അംഗീകരിക്കും' (1 കൊരി.14:24,25). യേശുക്രിസ്തുവിനെ പ്രവചനശക്തിയോടെ സഭയിൽ സംസാരിക്കുമ്പോൾ, യേശു നിങ്ങളോട് സംസാരിച്ചപ്പോൾ എമ്മാവൂസിലേക്കു പോയ ആ ശിഷ്യന്മാരുടെ ഹൃദയം കത്തിക്കൊണ്ടിരുന്നതുപോലെ, നമ്മുടെ ഹൃദയവും കത്തിക്കൊണ്ടിരിക്കും (ലൂക്കോ.24:32).

ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. മുൾപടർപ്പിലൂടെ മോശെയോട് സംസാരിക്കുവാൻ ദൈവംഅതിലേക്ക് ഇറങ്ങിവന്നപ്പോൾ, ആ മുൾചെടി കത്തി, അപ്പോൾ ഒരു പുഴുവിനും ആ മുൾചെടിയിൽ ജീവനോടെ ശേഷിക്കുവാൻ കഴിഞ്ഞില്ല. അതുപോലെ തന്നെ, ഇന്നു ദൈവത്തിന്റെ ശക്തമായ, കത്തിക്കൊണ്ടിരിക്കുന്ന സാന്നിധ്യം ഉള്ളിടത്ത് ഒരു പാപത്തിനും മറഞ്ഞിരിക്കാനോ തുറന്നു കാട്ടപ്പെടാതെ ഇരിക്കാനോ കഴിയുകയില്ല. അപ്രകാരമുള്ള ഒരു സഭ മാത്രമാണ് ഒരു പുതിയ നിയമ സഭ. യേശുവിന്റെ കണ്ണുകൾ അഗ്നിജ്വാല പോലെയാണ് (വെളി.1:14), അതിനാൽ അവിടുന്ന് പണിയുന്ന എല്ലാ സഭകളിലും നിരന്തരം തിരച്ചിൽ നടത്തിക്കൊണ്ടിരിക്കുകയും മാനുഷിക സമ്പ്രദായങ്ങളെയും പരീശത്വത്തെയും തുറന്നു കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ദൈവരാജ്യത്തിന്റെ പ്രധാന താക്കോൽ ആത്മാവിന്റെ ദാരിദ്ര്യം ആണ് (മത്താ.5:3). ഇതു കൂടാതെ, നമുക്ക് ഒരു പുതിയ ഉടമ്പടി സഭ പണിയാൻ കഴിയുകയില്ല. ആത്മാവിൽ ദരിദ്രരാകുക എന്നാൽ നിരന്തരമായി നമ്മുടെ തന്നെ ആവശ്യത്തെ കുറിച്ചു ബോധമുള്ളവരായി ദൈവമുമ്പാകെ നുറുക്കപ്പെട്ടവനായിരിക്കുക എന്നതാണ്, കാരണം, നമ്മുടെ സ്വർഗ്ഗീയ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ പൂർണ്ണരായിരിക്കാനുള്ള മഹനീയവും തീവ്രവുമായ ഒരാഗ്രഹം നമുക്കുണ്ട്. 'ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ ' (സങ്കീ.34:18). അവിടുന്ന് സമീപസ്ഥനായിരിക്കുമ്പോൾ, അവിടുത്തെ സാന്നിധ്യം നമ്മുടെ ഹൃദയങ്ങളിലേക്ക് സ്വർഗ്ഗീയ അഗ്നി കൊണ്ടു വരികയും നാം പോകുന്നിടത്തെല്ലാം അത് നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുകയും ചെയ്യുന്നു.

ഒരു പുതിയ ഉടമ്പടി സഭയിൽ, അനേകർ ദെവവചനത്തിന്റെ പ്രസംഗത്തോട് ഇടർച്ച ഉണ്ടായിട്ട് സഭ വിട്ടുപോകും. യെരുശലേമിലെ സഭയെക്കുറിച്ച് ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു, 'അധികം ആളുകൾ അവരോട് ചേർന്നുവരുവാൻ ധൈര്യപ്പെട്ടില്ല' (അപ്പൊ.പ്രവ.5:13).

ഒരു സഭയിൽ യേശുവിന്റെ സാന്നിധ്യം ശക്തിയോടെ സന്നിഹിതമാകുമ്പോൾ, അവിടെയുള്ള ശിഷ്യന്മാർ അവിടുത്തെ മഹത്വം ദർശിക്കുന്ന കാര്യത്താൽ പിടിക്കപ്പെടും. ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ മഹത്വം നാം വാസ്തവമായി ദർശിച്ചിട്ടുണ്ട് എന്നതിന്റെ തെളിവ് ഭൂമിയിലെ കാര്യങ്ങൾ (സുഖസൗകര്യവും, മാനവും, ധനവും) നമ്മുടെ കണ്ണുകളിൽ മങ്ങിയതായി തീർന്നിട്ടുണ്ടാകും എന്നതാണ്, അത്രയുമല്ല അവയ്ക്ക് ഒരിക്കൽ നമ്മോടുണ്ടായിരുന്ന ആകർഷകത്വം പിന്നീട് ഒരിക്കലും ഉണ്ടാകുകയുമില്ല.

ഒരു പുതിയ ഉടമ്പടി സഭയിൽ, ശക്തിയുള്ള തിരുവചനപ്രഘോഷണം മാത്രമല്ല, ഉണ്ടായിരിക്കുന്നത്. എന്നാൽ തിരുവചനത്തിന്റെ ജീവിക്കുന്ന ശക്തിയുള്ള മാതൃകകളും

ഉണ്ടായിരിക്കും. പുതിയ ഉപദേശങ്ങളല്ല മറ്റുള്ളവരിൽ ദൈവത്തോട് ശക്തിയുള്ള ഒരു സ്വാധീനം
ഉണ്ടാക്കുന്നത്, എന്നാൽ വിശുദ്ധിയുള്ള ജീവിതങ്ങളാണ്. പുതിയനിയമ ശഷുശ്രൂഷകർ മറ്റുള്ളവരോട് പ്രസംഗിക്കുക മാത്രമല്ല ചെയ്യുന്നത്, അവർ മറ്റുള്ളവരെ തങ്ങളുടെ മാതൃക പിന്തുടരുവാൻ ക്ഷണിക്കുകയും കൂടി ചെയ്യുന്നു (1 കൊരി.11:1). നമ്മുടെ മാതൃക, യോഗ്യമായതൊന്ന് അല്ലെങ്കിൽ നാം കരയണം. നാം നമ്മുടെ വരണ്ടതും അഭിഷേകമില്ലാത്തതുമായ സന്ദശേങ്ങൾകൊണ്ട് ആളുകളെ മുഷിപ്പിക്കുമ്പോൾ നാം ലജ്ജിച്ച് തല താഴ്ത്തണം. നാം യേശുവിനെ പിൻതുടരുമെങ്കിൽ നമുക്ക് ശീതവാന്മാരോ പരീശത്വമുള്ളവരോ ആയിരിക്കാൻ സാധ്യമല്ല. ജനങ്ങളെ പോഷിപ്പിക്കുവാൻ കർത്താവിൽ നിന്ന് ഒരു വനമില്ലാതെ സ്വപ്നങ്ങളെയും ദർശനങ്ങളെയും കുറിച്ച് മാത്രമാണ് നമുക്ക് പറയുവാനുള്ളതെങ്കിൽ യേശുവിൽ നിന്നു നാം വളരെ അകലെയാണ്. നാം തന്നെ കർത്താവിന്റെ അഗ്നിയിലാണെങ്കിൽ നമുക്ക് ആളുകളെ മുഷിപ്പിക്കുവാൻ സാധ്യമല്ല.

യേശുക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടത് അവിടുത്തേക്ക് എല്ലാ കാര്യത്തിലും ഒന്നാം സ്ഥാനം ഉണ്ടാകേണ്ടതിനാണ് (കൊലോ.1:18). ഇത് തങ്ങളുടെ അഭിലാഷമായിട്ടുള്ള എല്ലാവരെയും
ദൈവം പൂർണ്ണമായി പിൻതാങ്ങുന്നു. ഇത് അർത്ഥമാക്കുന്നത്, നാം നമ്മുടെ സ്വന്തം പദ്ധതികളും അവകാശങ്ങളും ഉപേക്ഷിച്ചിട്ട് നാം ചെയ്യേണ്ടത് എന്താണെന്ന് നമ്മോടു പറയുവാൻ യേശുവിനെ അനുവദിക്കുക എന്നാണ്, നാം നമ്മുടെ പണം എങ്ങനെ ചെലവാക്കണം ന്നിത്യാദികാര്യങ്ങൾ. ഇതു മാത്രമാണ് ജീവിതത്തിൽ നിങ്ങളുടെ അഭിലാഷമെങ്കിൽ, നിങ്ങളുടെ പ്രദേശത്ത് ഒരു പുതിയ നിയമസഭ പണിയുവാൻ തീർച്ചയായും ദൈവം നിങ്ങളെ ഉപയോഗിക്കും.

യേശുവിന്റെ നാമം ഉദ്ധരിക്കുന്നതുകാണ്ടു മാത്രം യേശു തങ്ങളുടെ മദ്ധ്യത്തിലുണ്ട് എന്ന് അനേകർ അവകാശപ്പെടുന്നു (മത്താ.18:20). എന്നാൽ അവർ തങ്ങളെത്തന്നെ വഞ്ചിക്കുകയാണ്. അവിടുന്ന് യഥാർത്ഥത്തിൽ അവരുടെ മദ്ധ്യേ ഉണ്ടെങ്കിൽ പിന്നെ എന്തുകൊണ്ടാണ് യോഗങ്ങൾ ഇത്രമുഷിപ്പനാകുന്നത്? ജീവിതങ്ങൾ രൂപാന്തരപ്പെടാത്തത് എന്തുകൊണ്ടാണ്? ഒരു യഥാർത്ഥ ദൈവഭക്തനുമായിപ്പോലും അല്പസമയം ചലവഴിച്ചാൽ അത് നമ്മുടെ മേൽ ആഴത്തിലുള്ള ഒരു സ്വാധീനം ചെലുത്തുന്നു, അത് നമ്മുടെ ജീവിതത്തിന്റെ ഗതി തന്നെ മാറ്റുന്നു. അങ്ങനെയാണെങ്കിൽ യേശുവിനോടുകൂടെത്തന്നെ തീരെ ചെറിയ ഒരു സമയം എങ്കിലും ചെലവഴിച്ചിട്ടുണ്ടെങ്കിൽ എത്ര വലിയൊരു സ്വാധീനമായിരിക്കും നമ്മുടെ ജീവിതങ്ങളുടെമേൽ ചെലുത്തപ്പെടുന്നത്? അതുകൊണ്ട് സഭായോഗങ്ങളിലൂടെ ജീവിതങ്ങൾ രൂപാന്തരപ്പെടുന്നില്ലെങ്കിൽ, അപ്പോൾ കർത്താവിന്റെ സാന്നിധ്യം നമ്മുടെ യോഗങ്ങളിൽ ഇല്ല എന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണെങ്കിൽ നാം ഒരു പുതിയ ഉടമ്പടി സഭ അല്ല.